File No. A1650/C1/14/H.Edn

പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4684.

18.12.2014 ൽ
മറുപടിക്ക്.

ട്രെയിനിംഗ് പാർട്ട്ണർ സ്കീം

ചോദ്യം

ശ്രീ.ലൂഡി ലൂയിസ്
ശ്രീ. വി. റ്റി. ബൽറാം
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി.

മറുപടി

ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് പാർട്ട്ണർ സ്കീമിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്ത് ട്രെയിനിംഗ് പാർട്ട്ണർ സ്കീം (TPS) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആർട്ട്സ് & സയൻസ് കോളേജുകളിലെ അവസാന വർഷ ഡിഗ്രി, പിജി വിദ്യാർത്ഥികളിൽ നിന്ന് തെരഞ്ഞെടുത്തവർക്ക് സോഫ്റ്റ് വെയർ സ്കില്ലിലും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും പരിശീലനം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കോളേജുകൾ ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങൾ എന്നിവയെ ചുമതലപ്പെടുത്തുന്ന പദ്ധതിയാണ് 'ട്രെയിനിംഗ് പാർട്ട്നർ സ്കീം'<br><br>ഇത്തരത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ അസാപ് നിർദ്ദേശിക്കുന്ന രീതിയിൽ ഗുണനിലവാരത്തോടെ, തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നിർവ്വഹിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിന് പ്രത്യേക മാനദണ്ഡങ്ങളും നിബന്ധനകളും അസാപ് തയ്യാറാക്കി വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ മെച്ചപ്പെട്ട സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ഫാക്കൽറ്റികളുടെ വൈദഗ്ദ്ധ്യവും |

| | | | |
|---|---|---|---|
| | | | തൊഴിൽ പരിശീലനത്തിനായി ഉപയുക്തമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കൂടാതെ പ്രത്യേക വൈദഗ്ദ്ധ്യമേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ സാധാരണ പ്രവൃത്തി സമയത്തിനു പുറമെയുള്ള മണിക്കൂറുകൾ മറ്റു വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യവും ഇതിനുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അസാപ്പിൽ സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളായി പ്രവർത്തിക്കുന്നതിനും പദ്ധതി അവസരമൊരുക്കുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് വ്യക്തമാക്കുമോ ; | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ , എയ്ഡഡ് കോളേജുകൾ. |
| (ഡി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | കുറഞ്ഞ ചെലവിൽ മികച്ച സ്ഥാപനങ്ങളുടെ സഹായത്തോടെ പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുക. |

സെക്ഷൻ ഓഫീസർ